QP CODE: D4BML2403 (Pages: 2) Reg. No : ...............................

Name : ...............................

**Fourth Semester B.Com (FYUGP) Degree Examinations April 2026**

**Value Added Courses (VAC)**

**MAL4FV110(3) : VANIJYAVUM MANAVIKATHAYUM**

**(Credits: 3)**

**Time: 1.5 Hours** **Maximum Marks: 50**

**Section A**

**Answer the following questions. Each carries 2 marks (Ceiling: 16 marks)**

1. 'പരസ്യ ശരീരം' എന്ന കഥയിലെ കഥാകൃത്ത് നേരിടുന്ന മാനസിക സംഘർഷത്തിന് പ്രധാനകാരണമെന്താണ്? BL2 CO1, CO6

2. പഴയ കാലത്തെ ചന്തകളും ഇന്നത്തെ കമ്പോളവും തമ്മിൽ എന്തൊക്കെ മാറ്റങ്ങളാണ് നിങ്ങൾ കാണുന്നത്? BL2 CO1, CO2, CO3, CO5, CO6

3. 'ഈ ചത്ത പശുവിന്റെ ഇറച്ചി ഇനി നാം തിന്നുകയില്ല' എന്ന എരിയുടെ പ്രഖ്യാപനത്തെ അയാളുടെ കൂടെയുണ്ടായിരുന്നവർക്ക് എളുപ്പത്തിൽ ഉൾക്കൊള്ളാൻ കഴിയാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമായിരിക്കാം? BL2 CO3

4. മനുഷ്യകേന്ദ്രീകൃതമായ ചിന്താഗതിയും പരിസ്ഥിതി കേന്ദ്രീകൃതമായ കാഴ്ചപ്പാടും തമ്മിലുള്ള വ്യത്യാസമെന്ത്? BL2 CO1, CO4, CO5, CO6

5. പരമ്പരാഗത പരസ്യങ്ങളിൽ നിന്ന് വ്യത്യസ്തമായി 'Pure as Love' എന്ന പരസ്യം കൈകാര്യം ചെയ്യുന്ന സാമൂഹിക പ്രമേയം എന്ത്? ഇത് സമൂഹത്തിൽ എന്ത് മാറ്റമാണ് ലക്ഷ്യമിടുന്നത്? BL2 CO1, CO2, CO3, CO4, CO5, CO6

6. കലാലയങ്ങളിൽ 'മൂല്യബോധം' വളർത്തുന്നതിനായി വിദ്യാർത്ഥികൾക്ക് സംഘടിപ്പിക്കാവുന്ന രണ്ട് പ്രവർത്തനങ്ങൾ (Activities) നിർദ്ദേശിക്കുക? BL2 CO1, CO2

7. മല്ലയ്യ എന്ന കഥാപാത്രം മരിച്ച യുവതിയുടെ കുടുംബത്തോട് കാണിച്ച കാരുണ്യം എപ്രകാരമായിരുന്നു? BL2 CO1, CO2, CO3

8. ലിംഗസ്വത്വം എന്ന ആശയം വിശദീകരിക്കുക. BL2 CO3

9. സാബിറയുടെ ബന്ധുക്കൾ(ഉമ്മ നട്ട മരങ്ങൾ) ഉമ്മയെ പരിഹസിക്കാൻ കാരണമെന്ത്? BL2 CO1, CO2, CO4

10. പുഴയിലെ പൊന്തച്ചെടികൾ കവിതയിലെ എന്തിനെയാണ് പ്രതിനിധീകരിക്കുന്നത്? അവയെക്കുറിച്ച് കവിയുടെ നിരീക്ഷണം എന്ത്? BL2 CO1, CO4

(PTO)

## Section B

**Answer the following questions. Each carries 6 marks (Ceiling: 24 Marks)**

| | | | |
|---|---|---|---|
| 11. | ഗൾഫ് കുടിയേറ്റം കേരളത്തിന്റെ കുടുംബ വ്യവസ്ഥയിലും ജീവിതരീതിയിലും എങ്ങനെയുള്ള മാറ്റങ്ങളാണ് വരുത്തിയത്? വിശദമാക്കുക. | BL3 | CO2, CO3, CO4 |
| 12. | ടൂറിസം മേഖലയുടെ സുസ്ഥിരമായ വളർച്ചയ്ക്ക് സ്വകാര്യ-പൊതു പങ്കാളിത്തത്തിന്റെ (Public-Private Partnership) പ്രാധാന്യം ചർച്ച ചെയ്യുക. | BL3 | CO1, CO4, CO5, CO6 |
| 13. | ശാരീരികമോ മാനസികമോ വൈകാരികമോ ആയ അതിക്രമങ്ങൾക്ക് വിധേയരാകേണ്ടിവരുന്ന സ്ത്രീകളെ 'ഇര' എന്നതിൽനിന്ന് 'അതിജീവിത' എന്നു വിശേഷിപ്പിക്കപ്പെടുന്നതിന്റെ പിന്നിലെ സാമൂഹികാവബോധം തിരിച്ചറിഞ്ഞ് 'പടിഞ്ഞാട്ടേക്കുളം' മുമ്പോട്ടുവെക്കുന്ന സൂക്ഷ്മരാഷ്ട്രീയത്തിന്റെ തലങ്ങൾ വിശകലനംചെയ്യുക. | BL4 | CO3 |
| 14. | പത്തൊൻപതാം നൂറ്റാണ്ടിലെ ആദ്യകാല പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളുടെ പശ്ചാത്തലവും സ്വാധീനിച്ച ചിന്തകരെയും കുറിച്ച് വിശദമാക്കുക. | BL3 | CO4, CO5, CO6 |
| 15. | ബിജാപൂർ ഒരു പ്രശസ്ത ഖാദി കേന്ദ്രമായി മാറിയതിന് പിന്നിലെ ഘട്ടങ്ങൾ പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക. | BL3 | CO1, CO2, CO3, CO4, CO5 |

## Section C

**Answer any one question. Each carries 10 marks (1 x 10 = 10 Marks)**

| | | | |
|---|---|---|---|
| 16. | 'വാട്ട് ഈസ് ദാറ്റ്' എന്ന കലാരൂപം കിറ്റെക്സ് പരസ്യമായി മാറുമ്പോൾ സംഭവിക്കുന്ന ആശയപരമായ മാറ്റങ്ങളും, ഇത്തരം ആവിഷ്കാരങ്ങൾ സമൂഹത്തിന്റെ മൂല്യബോധത്തെ എങ്ങനെ സ്വാധീനിക്കുന്നുവെന്നും വിലയിരുത്തി ഒരു പ്രബന്ധം തയ്യാറാക്കുക. | BL4 | CO1, CO2, CO6 |
| 17. | ദളിത് വിഭാഗത്തിലുള്ള മനുഷ്യരുടെ സാമൂഹിക ഉന്നമനം സാധ്യമാക്കുന്നതിൽ സംവരണം വഹിക്കുന്ന പങ്ക് വിമർശനബുദ്ധ്യാ വിലയിരുത്തുക. | BL4 | CO3 |

**CO : Course Outcome**

**BL : Bloom's Taxonomy Levels** (1 – Remember, 2 – Understand, 3 – Apply, 4 – Analyse, 5 – Evaluate, 6 – Create)